## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് : ഹോസ്റ്റലുകളുടെ പ്രവർത്തനം-ഗവൺമെന്റ് കോളേജ് ഹോസ്റ്റലുകളിലെ ക്യാഷ് ബുക്കിന്റെ പരിപാലനം - ഭേദഗതി ചെയ്ത് ഉത്തരവ്-പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ : വി1/100484/2015/കോ:വി:വ: തീയതി: 18/8/2016

===============================================================================

### ഉത്തരവ്

ഒരേ വാർഡനുകീഴിൽ മെൻസ് ഹോസ്റ്റലും,ലേഡീസ് ഹോസ്റ്റലും പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിൽ ലേഡീസ് ഹോസ്റ്റലിനും,മെൻസ് ഹോസ്റ്റലിനും പ്രത്യേകം ക്യാഷ്ബുക്കുകൾ പരിപാലിക്കാൻ 14/9/2015 തീയതിയിലെ ഇതേ നമ്പർ നടപടി ക്രമം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ കാസറഗോഡ് ഗവൺമെന്റ് കോളേജ് ഹോസ്റ്റൽ, എം.സി.ആർ.വി. ഹോസ്റ്റൽ എന്നിവയുടെ ആഡിറ്റ് പരിശോധനാ വേളയിൽ പ്രസ്തുത ഉത്തരവ് പ്രായോഗികമായി ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതായി കാണാൻ കഴിഞ്ഞു.

ആയതിനാൽ 1/10/2016 തീയതി മുതൽ മേൽപ്പറഞ്ഞ പ്രകാരമുള്ള ഹോസ്റ്റലുകളിൽ ഒരു ക്യാഷ് ബുക്ക് മാത്രം പരിപാലിക്കാൻ നിർദേശിക്കുന്നു. എന്നാൽ ലേഡീസ് ഹോസ്റ്റലിനും,മെൻസ് ഹോസ്റ്റലിനും, പ്രത്യേകം പ്രത്യേകം ഡി.എഫ്.സി.ആർ, മെസ് കാൽക്കുലേഷൻ രജിസ്റ്റർ ,പി.ഡി.കൺസോളിഡേറ്റഡ് രജിസ്റ്റർ,മെസ് ഡ്യൂസ് രജിസ്റ്റർ,ചലാൻ രജിസ്റ്റർ ,ചലാൻ ഫയൽ എന്നിവ പരിപാലിക്കേണ്ടതാണ്..
ഓരോ ഹോസ്റ്റലിലേക്കും അതത് കൺസോളിഡേറ്റഡ് പി.ഡി.രജിസ്റ്ററിലെ തുക മാത്രമേ വിനിയോഗിക്കാൻ പാടുള്ളു.

ഓരോ ഹോസ്റ്റലിലേക്കുമുള്ള വൗച്ചറുകൾ പ്രത്യേകം, പ്രത്യേകം ഒന്നു മുതൽ തുടർച്ചയായി നമ്പർ ഇടേണ്ടതാണ്.ഒരു ദിവസത്തെ ചിലവുകൾ ഓരോ വൗച്ചറുകളും പ്രത്യേകമായി ക്യാഷ് ബുക്കിൽ ചേർക്കേണ്ടതും ബ്രാക്കറ്റിൽ ലേഡീസ്, മെൻസ് എന്ന് പ്രത്യേകം സൂചിപ്പിക്കാനും ഉത്തരവാകുന്നു.

ഒപ്പ്/-
പി.ഐ.ഷേക്ക്പരീത്.ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

**പകർപ്പ്**

1) എല്ലാ വാർഡൻമാർക്ക്
2) വാർഡൻ എം.സി.ആർ.വി.ഹോസ്റ്റൽ എറണാകുളം
3) സിസ്റ്റം മാനേജർ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) നടപ്പ്ഫയൽ
5) കരുതൽ ഫയൽ

അംഗീകാരത്തോടെ

സൂപ്രണ്ട്